**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2016** **09-02-2023 - ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോ ലാഭകരമാക്കാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ എത്ര കിലോമീറ്ററാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും എത്ര കിലോമീറ്ററാണ് പുതുതായി രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (എ) | 28.20 കിലോമീറ്റർ ദൈർഘ്യത്തിലാണ് കൊച്ചി മെട്രോ റെയിൽ വിഭാവനം ചെയ്തിട്ടുള്ളത്.<br><br>11.2 കിലോമീറ്റർ ദൈർഘ്യമാണ് പുതുതായി രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (ബി) | മെട്രോ ലാഭകരമാക്കാനും കൂടുതൽ യാത്രക്കാരെ ഇതിലേക്ക് ആകർഷിക്കാനും എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | മെട്രോ ലാഭകരമാക്കാനും കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനുമായി Fare box/Non Fare box ഇനങ്ങളിൽ ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>**Fare box വരുമാനം.**<br><br>1. തിരക്കില്ലാത്ത സമയങ്ങളിൽ മെട്രോയിൽ യാത്ര ചെയ്യുന്നതിന് നിരക്ക് കുറച്ചു.<br><br>2. കൂടുതൽ യാത്രക്കാരെ മെട്രോയിലേക്ക് ആകർഷിക്കുന്നതിനായി നഗരപ്രാന്തപ്രദേശങ്ങളിൽ നിന്നും ഫീഡർ സർവീസ് ആരംഭിച്ചു.<br><br>3. വിമാനയാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ കുറഞ്ഞ സമയത്തിനുള്ളിൽ മെട്രോയിലൂടെ അവരുടെ ലക്ഷ്യസ്ഥാനങ്ങളിൽ എത്തുന്നതിന് എയർപോർട്ട് കണക്റ്റിവിറ്റി ഫീഡർ സർവ്വീസ് ആരംഭിച്ചു.<br><br>4. സ്ഥിരം യാത്രക്കാർക്കു വേണ്ടി പ്രതിവാര / പ്രതിമാസ യാത്രാപാസ്സുകൾ അവതരിപ്പിച്ചു. കൂടാതെ, വിദ്യാർത്ഥികളെ മെട്രോയിലേക്ക് ആകർഷിക്കുവാൻ വിദ്യാർത്ഥി പാസ്സ് തുടങ്ങി.<br><br>**Non Fare box വരുമാനം.**<br><br>1. മെട്രോ ഏറ്റെടുത്ത സ്ഥലങ്ങളിൽ വിവിധ ആസ്തിവികസന പദ്ധതികൾ ആവിഷ്കരിച്ചു.<br><br>2. മെട്രോ സ്റ്റേഷനുകളിലും, ലഭ്യമായ അനുബന്ധ പ്രദേശങ്ങളിലും, വാണിജ്യ സ്ഥാപനങ്ങൾ / |

| | | | |
|---|---|---|---|
| | | | ഓഫീസുകൾ തുടങ്ങുന്നതിനായി കരാർ നൽകി.<br><br>3. മെട്രോ തൂണുകളിൽ LED പരസ്യ ബോർഡുകൾ സ്ഥാപിച്ചു.<br><br>4. മെട്രോയുടെ പാർക്കിംഗ് സ്ഥലത്ത് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഫീസ് ഈടാക്കി.<br><br>5. നഗര സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി മെട്രോ തൂണുകളുടെ ഇടയിലുള്ള മീഡിയനുകൾ വിവിധ ഏജൻസികൾക്ക് നൽകി.<br><br>6. വിവിധ സ്ഥാപനങ്ങൾക്ക് അവരുടെ പരസ്യം നൽകുന്നതിനായി Train wrapping പദ്ധതി ആവിഷ്കരിച്ചു.<br><br>7. മെട്രോ സ്റ്റേഷനുകളിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പരസ്യത്തിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചു.<br><br>8. മെട്രോസ്റ്റേഷനുകളുടെ പേരിനോടൊപ്പം, സ്ഥാപനങ്ങൾക്ക് അവരുടെ പേര് ചേർക്കുന്നതിനായി 'semi-naming' പദ്ധതി ആവിഷ്കരിച്ചു.<br><br>9. സ്റ്റേഷനുകളുടെ അകത്തും പുറത്തും പരസ്യം നൽകുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിച്ചു.<br><br>10. Expo പോലുള്ള പരിപാടികൾ നടത്തുന്നതിനായി മെട്രോ സ്റ്റേഷനുകളുടെ സ്ഥലം പാട്ടത്തിന് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു.<br><br>11. നഗര മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായുള്ള Non Motorized Transport പദ്ധതി വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏറ്റെടുത്ത് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ